സൂറ-20

# ത്വാഹാ

**ആയത്ത് 124 മുതൽ 127 വരെ**

മനുഷ്യമനസ്സിൽ ഒരു ശൂന്യതയുണ്ട്. ദൈവവിശ്വാസത്തിനു മാത്രമേ അതു നികത്താൻ കഴിയൂ. അതില്ലാത്ത ഹൃദയത്തെ അസ്വസ്ഥതയും അതൃപ്തിയും വേട്ടയാടുന്നു. പ്രത്യക്ഷത്തിൽ അവൻ എത്ര ഗംഭീരനും ആകർഷണീയനുമാണെങ്കിലും അതൊക്കെ നൈമിഷകമായ പകിട്ടു മാത്രമാകുന്നു. അവന്റെ മനസ്സിനെ അസ്വസ്ഥതയും ഉത്ക്കണ്ഠയും വേട്ടയാടുകയായിരിക്കും.

وَمَنْ أَعْرَضَ عَن ذِكْرِي فَإِنَّ لَهُۥ مَعِيشَةً ضَنكًا وَنَحْشُرُهُۥ يَوْمَ ٱلْقِيَٰمَةِ أَعْمَىٰ ﴿١٢٤﴾

**124.** എന്നാൽ വല്ലവനും എന്റെ മാർഗദർശനത്തെ അവഗണിച്ചു തള്ളിയാലോ, അവന്ന് ഈ ലോകത്തു ഇടുങ്ങിയ ജീവിതമാണുള്ളത്. ഉയിർത്തെഴുന്നേൽപുനാളിൽ നാം അവനെ അന്ധനായി ഹാജരാക്കുന്നു.

قَالَ رَبِّ لِمَ حَشَرْتَنِىٓ أَعْمَىٰ وَقَدْ كُنتُ بَصِيرًا ﴿١٢٥﴾

**125.** അവൻ ചോദിക്കും: നാഥാ, എന്നെ അന്ധനായി ഹാജരാക്കിയതെന്ത്, ഇഹലോകത്തു ഞാൻ കാഴ്ചയുള്ളവനായിരുന്നുവല്ലോ.

قَالَ كَذَٰلِكَ أَتَتْكَ ءَايَٰتُنَا فَنَسِيتَهَا ۖ وَكَذَٰلِكَ ٱلْيَوْمَ تُنسَىٰ ﴿١٢٦﴾

**126.** അല്ലാഹു പറയും: ഇങ്ങനെയാണല്ലോ നമ്മുടെ ദൃഷ്ടാന്തങ്ങൾ നിന്റെയടുത്തു വന്നപ്പോൾ നീയതു മറന്നുകളഞ്ഞത്. അതുപോലെ ഇന്നു നീ വിസ്മരിക്കപ്പെടുകയാകുന്നു.

وَكَذَٰلِكَ نَجْزِى مَنْ أَسْرَفَ وَلَمْ يُؤْمِنۢ بِـَٔايَٰتِ رَبِّهِۦ ۚ وَلَعَذَابُ ٱلْـَٔاخِرَةِ أَشَدُّ وَأَبْقَىٰٓ ﴿١٢٧﴾

**127.** വിധാതാവിന്റെ ദൃഷ്ടാന്തങ്ങൾ അംഗീകരിക്കാതെ അതിരു ലംഘിച്ചവർക്ക് നാം പ്രതിഫലം നൽകുന്നത് ഇപ്രകാരമത്രെ. പരലോകശിക്ഷ തന്നെയാകുന്നു ഏറ്റം കൊടൂരവും സുസ്ഥിരവുമായിട്ടുള്ളത്.

وَمَنْ أَعْرَضَ = (എന്നാൽ) വല്ലവനും അവഗണിച്ചു തള്ളിയാലോ
عَن ذِكْرِي = എന്റെ സ്മരണയെ, ഉൽബോധനത്തെ (മാർഗദർശനത്തെ) فَإِنَّ لَهُۥ = തീർച്ചയായും അവന്നുള്ളത്
مَعِيشَةً ضَنكًا = ഇടുങ്ങിയ ജീവിതമാണ് وَنَحْشُرُهُۥ = നാം അവനെ ഒരുമിച്ചുകൂട്ടും(ഹാജരാക്കുന്നു)
يَوْمَ ٱلْقِيَٰمَةِ = ഉയിർത്തെഴുന്നേൽപു നാളിൽ أَعْمَىٰ = അന്ധനാ(യി)യ അവസ്ഥയിൽ
قَالَ = അവൻ പറഞ്ഞു(ചോദിക്കും) رَبِّ = എന്റെ നാഥാ لِمَ حَشَرْتَنِىٓ = നീ എന്നെ ഹാജരാക്കിയതെന്ത്
أَعْمَىٰ = അന്ധനായിട്ട് وَقَدْ كُنتُ = തീർച്ചയായും (ഇഹലോകത്ത്) ഞാൻ ആയിരുന്നുവല്ലോ بَصِيرًا = കാഴ്ചയുള്ളവൻ
قَالَ = അവൻ പറഞ്ഞു(അല്ലാഹു പറയും) كَذَٰلِكَ = ഇങ്ങനെയാണല്ലോ أَتَتْكَ = നിന്റെയടുത്തുവന്നു
ءَايَٰتُنَا = നമ്മുടെ ദൃഷ്ടാന്തങ്ങൾ فَنَسِيتَهَا = അപ്പോൾ നീ അതു മറന്നുകളഞ്ഞു(ഞ്ഞത്) وَكَذَٰلِكَ = അതുപോലെ
ٱلْيَوْمَ = ഇന്ന് تُنسَىٰ = നീ മറക്കപ്പെടുകയാകുന്നു وَكَذَٰلِكَ = ഇപ്രകാരമത്രെ نَجْزِى = നാം പ്രതിഫലം നൽകുന്നു(ന്നത്)
مَنْ أَسْرَفَ = അതിരു ലംഘിച്ചവർക്ക്
وَلَمْ يُؤْمِنۢ بِـَٔايَٰتِ رَبِّهِۦ = തന്റെ വിധാതാവിന്റെ ദൃഷ്ടാന്തങ്ങൾ വിശ്വസിച്ചിട്ടുമില്ല (അംഗീകരിക്കാതെ)
وَلَعَذَابُ ٱلْءَاخِرَةِ = പരലോക ശിക്ഷ തന്നെയാകുന്നു أَشَدُّ = ഏറ്റം കൊടൂരം(രവും)
وَأَبْقَىٰٓ = ഏറ്റം ശേഷിക്കുന്നതും(സുസ്ഥിരവുമായിട്ടുള്ളത്)

## 124

**ദ്കിറ്** എന്ന വാക്കിന് എന്റെ സ്മരണ, ഉൽബോധനം, പാഠം എന്നെല്ലാം അർഥമാവാം. മുൻ സൂക്തവുമായി ബന്ധിപ്പിച്ചു വായിക്കുമ്പോൾ നേരത്തെ സൂചിപ്പിച്ച പോലെ ഇവിടെ ഉദ്ദേശ്യം ദൈവസ്മരണയും അവന്റെ ഉൽബോധനവുമായ ഖുർആൻ ആകുന്നു. مَعِيشَةً ضَنكًا-ഇടുങ്ങിയ ജീവിതം കൊണ്ടുദ്ദേശ്യം സമ്പത്തും അധികാരവും സ്ഥാനമാനങ്ങളും ഇല്ലാത്ത ജീവിതമല്ല. മനസ്സമാധാനവും സംതൃപ്തിയുമി ല്ലാത്ത ജീവിതമാണ്. താൻ അല്ലാഹുവിന്റെ അടിമയാ ണെന്നും അവന്റെ ശാസനകൾ അനുസരിക്കുകയാണ് തന്റെ മൗലികമായ ഉത്തരവാദിത്വമെന്നും മനസ്സിലാക്കാത്തവൻ കാമമോഹങ്ങളുടെ അടിമയാകുന്നു. ഒരു വശത്ത് കുടിപ്പ കയും കിടമത്സരവും ഹൃദയത്തെ ഞെരിച്ചുകൊണ്ടിരിക്കും. മറുവശത്ത് എന്ത് എത്ര കിട്ടിയാലും മതിവരാത്ത ആർത്തി സൃഷ്ടിക്കുന്ന ഉത്ക്കണ്ഠകളും പരിഭ്രമങ്ങളും മനസ്സിൽ സദാ പുകഞ്ഞുകൊണ്ടിരിക്കും. ആയിരം കിട്ടുമ്പോഴുണ്ടാ കുന്ന സന്തോഷം അൽപം കഴിയുമ്പോൾ പതിനായിരത്തി നുവേണ്ടിയുള്ള കൊതിക്കും അതെങ്ങനെ കരസ്ഥമാക്കാം എന്ന ഉൽക്കണ്ഠക്കും വഴിമാറുന്നു. ഇതു തന്നെയാണ് അധി കാരത്തിന്റെയും മറ്റു മോഹങ്ങളുടെയും കഥ. വാർഡ് മെമ്പർ പഞ്ചായത്ത് പ്രസിഡന്റാവാൻ, പഞ്ചായത്ത് പ്രസി ഡന്റ് എം.എൽ.എ ആവാൻ, എം.എൽ.എ മന്ത്രിയാവാൻ... മോഹങ്ങൾ അങ്ങനെ വളർന്നുകൊണ്ടേയിരിക്കും. അത്തരം മോഹങ്ങൾ ധാർമികാധ്യാപനങ്ങളുമായും ആത്മീയാദർശ ങ്ങളുമായും പൊരുത്തപ്പെടുന്നിടത്തോളം അപകടകരമല്ല. ആദർശ മൂല്യങ്ങളും ധർമനീതികളും എന്തായാലും, എങ്ങനെയും എന്റെ സമ്പത്തു വർധിക്കണം, അധികാരം നേടണം എന്നാകുമ്പോൾ മനസ്സംതൃപ്തി അന്യമാകുന്നു. മനു ഷ്യമനസ്സിൽ ഒരു ശൂന്യതയുണ്ട്. ദൈവവിശ്വാസത്തിനു മാത്രമേ അതു നികത്താൻ കഴിയൂ. അതില്ലാത്ത ഹൃദയത്തെ അസ്വ സ്ഥതയും അതൃപ്തിയും വേട്ടയാടുന്നു. പ്രത്യക്ഷത്തിൽ അവൻ എത്ര ഗംഭീരനും ആകർഷണീയനുമാണെങ്കിലും അതൊക്കെ നൈമിഷകമായ പകിട്ടു മാത്രമാകുന്നു. അവന്റെ മനസ്സിനെ അസ്വസ്ഥതയും ഉത്ക്കണ്ഠയും വേട്ടയാടുകയായിരിക്കും. വിശന്നു കരയുന്ന ശിശുവിന്റെ വായിൽ നിപ്പിൾ വെച്ചുകൊ ടുത്താൽ അതിൽ വഞ്ചിതനായി തൽക്കാലം അവൻ സംതൃ പ്തനാകും. പക്ഷേ മാതാവിന്റെ മുലകുടിച്ചാലല്ലാതെ അവന്ന് യഥാർഥ തൃപ്തിയുണ്ടാവുകയോ വിശപ്പടങ്ങുകയോ ചെയ്യു ന്നില്ല. ഇതാണ് മനുഷ്യന്റെ അവസ്ഥ. സുഖസൗകര്യങ്ങൾ എത്രയൊക്കെ ഉണ്ടായാലും പുറം പകിട്ടുകൊണ്ട് എങ്ങനെ യൊക്കെ മൂടിവച്ചാലും ഈമാൻ ഇല്ലെങ്കിൽ ഉള്ളാലെ അസം തൃപ്തനും അസ്വസ്ഥനും ചകിതചിത്തനും തന്നെയായിരിക്കും. ലോകത്തെ വിറപ്പിച്ച സർവാധിപതികളും ലോകം വിലക്കു വാങ്ങാൻ മാത്രം സമ്പാദിച്ചുകൂട്ടിയ മുതലാളിമാരുമൊക്കെ ചില പ്പോൾ ആത്മഹത്യ ചെയ്തതായി നാം കേൾക്കാറുണ്ടല്ലോ. മനശ്ശാന്തിയാകുന്ന അധികാരവും സമ്പത്തും, നിഷ്കളങ്കവും പക്വവുമായ ഈമാനിലൂടെ മാത്രമേ ലഭി ക്കൂ أَلَا بِذِكْرِ ٱللَّهِ تَطْمَئِنُّ ٱلْقُلُوبُ .

സുദൃഢവും നിഷ്കളങ്കവുമായ ഈമാനുള്ളവരും ഈ ലോകത്തിന്റെ ക്രമമനുസരിച്ച് ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും മർദനപീഡനങ്ങളിലും അകപ്പെട്ടേക്കാം. വിശ്വാസം പ്രദാനം ചെയ്യുന്ന സഹനശക്തിയാൽ അവയെല്ലാം സമചിത്തതയോടെ നേരിടാൻ അവർക്കു കഴിയും. ഏതു പ്രതിസന്ധി ഘട്ടത്തിലും ദൈവം കൂടെയുണ്ടെന്ന ബോധം അവർക്ക് ആത്മധൈര്യവും മനശ്ശാന്തിയും നൽകുന്നു. കൊടിയ കഷ്ടപ്പാടുകളിലും, സുഖാ

ഡംബരങ്ങളിലാറാടി ആർഭാട ജീവിതം നയിക്കുന്നവരെക്കാൾ സംതൃപ്തമായിരിക്കും അവരുടെ മനസ്സ്. പക്ഷേ, ഈമാൻ അവകാശപ്പെടുന്നവർക്കൊക്കെ ലഭിക്കുന്നതല്ല ഈ അനുഗ്രഹം. ഈമാൻ മനസ്സിൽ രൂഢമൂലമാവുകയും അതനുഭവിക്കുകയും ചെയ്യുന്നവർക്കേ ഈ അനുഗ്രഹം ലഭിക്കൂ. നിഷ്കളങ്കമായ ഈമാൻ അവകാശപ്പെട്ടുകൊണ്ട് ഭൗതിക മോഹങ്ങൾക്കു പിന്നാലെ കിതച്ചോടുകയും അതിന്റെ പേരിൽ ഉത്ക്കണ്ഠാകുലരായി അസ്വസ്ഥജീവിതം നയിക്കുകയും ചെയ്യുന്നവരുടെ മനസ്സിനകത്തേക്കെത്തി നോക്കാൻ കഴിഞ്ഞാൽ നിങ്ങൾക്കു കാണാം, അതിനകത്തുള്ളത് അവ്യക്തവും അടിവേരില്ലാത്തതുമായ ദൈവസങ്കൽപം മാത്രമാണെന്ന്.

وَنَحۡشُرُهُۥ... എന്നു തുടങ്ങുന്ന വാക്യം സൂചിപ്പിക്കുന്നത് അല്ലാഹുവിന്റെ ഉൽബോധനം ذكر അവഗണിക്കുന്നതിന്റെ പാരത്രിക ഫലമാണ്. കണ്ണിന്റെയും കാതിന്റെയും പൂട്ടു തുറക്കാനുള്ള താക്കോലാണ് ദൈവസ്മരണ-ذكر الله. ഈ താക്കോൽ ഉപയോഗിക്കാതിരിക്കുന്നവർ കണ്ണും കാതും മസ്തിഷ്കവുമെല്ലാം ഉള്ളതോടൊപ്പം തന്നെ അന്ധരും ബധിരരും ബുദ്ധിശൂന്യരുമായി വാഴുന്നവരാണെന്ന് ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുണ്ട്. "അവർക്ക് മനസ്സുകളുണ്ട്. അതുകൊണ്ടവർ ആലോചിക്കുന്നില്ല. ദൃഷ്ടികളുണ്ട്, അതുകൊണ്ട് കാണുന്നില്ല. കാതുകളുണ്ട് അതുകൊണ്ട് കേൾക്കുന്നില്ല. കാലികളെപ്പോലെയാണവർ; അല്ല അവയെക്കാൾ പിഴച്ചവരാകുന്നു" (7:179). ഈ ലോകത്ത് അല്ലാഹുവിന്റെ അമൂല്യമായ അനുഗ്രഹങ്ങളെ അവമതിച്ചവരെ അവൻ പരലോകത്ത് അതുപോലുള്ള അന്ധജീവികളായി ഉയിർത്തെഴുന്നേൽപിക്കുന്നു. പദാർഥങ്ങളെ കീഴടക്കി പ്രയോജനപ്പെടുത്താൻ മാത്രമല്ല അല്ലാഹു ഈ ഇന്ദ്രിയാനുഗ്രഹങ്ങൾ നൽകിയിട്ടുള്ളത്. പ്രപഞ്ചത്തിലെ ഓരോ സൃഷ്ടിയും അതിന്റെ ഓരോ കോശവും പ്രകാശിപ്പിക്കുന്ന യാഥാർഥ്യങ്ങൾ കണ്ടെത്താൻ കൂടിയാണ്. പദാർഥത്തിന്റെ ഓരോ കോശവും കീറിമുറിച്ചു പരിശോധിക്കുകയും അതിന്റെ ഘടനയും പ്രവർത്തന രീതിയും വ്യക്തമായി പഠിക്കുകയും ചെയ്യുന്നവൻ അതിൽ പ്രകടമാകുന്ന യാഥാർഥ്യം-പൊരുൾ കാണുന്നില്ലെങ്കിൽ എല്ലാം കണ്ടിട്ടും ഒന്നും കാണാത്തവനാണ്.

ഇവിടെ ഒരു സംശയം ഉയർന്നുവരാം. സത്യനിഷേധികൾ പരലോകത്ത് അന്ധന്മാരായി ഹാജരാക്കപ്പെടുമെന്നാണല്ലോ ഇവിടെ പറയുന്നത്. *അൽഇസ്റാഅ്* 97-ാം സൂക്തത്തിൽ ഇങ്ങനെയും പറയുന്നു:

وَنَحۡشُرُهُمۡ يَوۡمَ ٱلۡقِيَـٰمَةِ عَلَىٰ وُجُوهِهِمۡ عُمۡيًا وَبُكۡمًا وَصُمًّا

(ഉയിർത്തെഴുന്നേൽപുനാളിൽ നാം അവരെ അന്ധരും മൂകരും ബധിരരുമായ മുഖംകുത്തിയവരായി ഹാജരാക്കുന്നതാണ്). എന്നാൽ സൂറഃ *ഖാഫ്* 22-ാം സൂക്തത്തിൽ പറയുന്നു:

لَّقَدۡ كُنتَ فِى غَفۡلَةٍ مِّنۡ هَـٰذَا فَكَشَفۡنَا عَنكَ غِطَآءَكَ فَبَصَرُكَ ٱلۡيَوۡمَ حَدِيدٌ

(ഈ പരലോകത്തെക്കുറിച്ച് നീ അശ്രദ്ധനായിരുന്നുവല്ലോ. നിന്റെ മറ ഇപ്പോൾ നാം നീക്കം ചെയ്തിരിക്കുന്നു. ഇന്നു നിന്റെ കാഴ്ച തീക്ഷ്ണമാകുന്നു). *ഇബ്റാഹീം* 43-ാം സൂക്തം പറയുന്നു:

مُهۡطِعِينَ مُقۡنِعِى رُءُوسِهِمۡ لَا يَرۡتَدُّ إِلَيۡهِمۡ طَرۡفُهُمۡۖ وَأَفۡـِٔدَتُهُمۡ هَوَآءٌ

(അന്നവർ പരിഭ്രാന്തരായി തല നീട്ടിപ്പിടിച്ച് പാഞ്ഞുകൊണ്ടിരിക്കും. തുറിച്ച ദൃഷ്ടികൾ അവരിലേക്കു മടങ്ങുകയില്ല. അവരുടെ ഹൃദയങ്ങൾ ശൂന്യമായിരിക്കും). *അൽഇസ്റാഅ്* 13-14 സൂക്തങ്ങൾ പറയുന്നു:

وَكُلَّ إِنسَـٰنٍ أَلۡزَمۡنَـٰهُ طَـٰٓئِرَهُۥ فِى عُنُقِهِۦۖ وَنُخۡرِجُ لَهُۥ يَوۡمَ ٱلۡقِيَـٰمَةِ كِتَـٰبًا يَلۡقَىٰهُ مَنشُورًا ﴿١٣﴾ ٱقۡرَأۡ كِتَـٰبَكَ كَفَىٰ بِنَفۡسِكَ ٱلۡيَوۡمَ عَلَيۡكَ حَسِيبًا ﴿١٤﴾

(ഉയിർത്തെഴുന്നേൽപുനാളിൽ നാം അവന്നുവേണ്ടി ഒരു രേഖ ഹാജരാക്കുന്നു. അതൊരു തുറന്ന പുസ്തകമായി അവൻ കാണും. വായിക്കുക നിന്റെ കർമപുസ്തകം. ഇന്നു നിന്റെ കണക്കു നോക്കാൻ നീ തന്നെ മതി). ഇത്തരം പ്രസ്താവനകളെ എങ്ങനെ സമന്വയിപ്പിക്കാം? പണ്ഡിതന്മാർ ഈ വചനങ്ങളെ പല തരത്തിൽ സമന്വയിപ്പിച്ചിട്ടുണ്ട്. അതിൽ കൂടുതൽ പ്രചുരമായത് ഇതാണ്: പരലോകത്തെത്തുന്ന അവിശ്വാസികൾ പല അവസ്ഥകൾ നേരിടേണ്ടിവരും. *ഖാഫ്* 22-ാം സൂക്തം പറയുന്നത് ഉയിർത്തെഴുന്നേറ്റ ഉടനെയുള്ള അവസ്ഥയാണ്. തങ്ങൾ അതുവരെ കാണാത്തതും സങ്കൽപിക്കാത്തതുമായ ഉയിർത്തെഴുന്നേൽപ് അപ്പോൾ അവർ തീക്ഷ്ണമായി കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. ഇഹലോകത്ത് അവരുടെ മേലുണ്ടായിരുന്ന അവിദ്യയുടെയും അശ്രദ്ധയുടെയും മൂടുപടം അപ്പോൾ പൂർണമായി നീങ്ങിപ്പോയിരിക്കും. തുടർന്ന് അവർ വിചാരണാ സഭയിലേക്ക് തെളിക്കപ്പെടുമ്പോഴുള്ള അവസ്ഥയാണ് *ഇബ്റാഹീം* 43-ാം സൂക്തം പറയുന്നത്. വിചാരണ സഭയിലെത്തി കർമപുസ്തകം ഏറ്റുവാങ്ങുന്ന അവസ്ഥയാണ് *അൽഇസ്റാഅ്* 13-14 സൂക്തങ്ങൾ. നാം ചർച്ച ചെയ്യുന്ന സൂക്തവും *അൽഇസ്റാഅ്* 97-ാം സൂക്തവും പറയുന്നത്. വിചാരണയിൽ പാപികൾക്ക് നരകം ഉറപ്പാകുമ്പോഴുള്ള അവസ്ഥയാണ്.

മറ്റൊരു വ്യാഖ്യാനം ഇങ്ങനെയാണ്. പരലോകവും സ്വർഗ നരകങ്ങളുമൊക്കെ അതിഭൗതിക കാര്യങ്ങളാണ്. അവിടത്തെ കാഴ്ചയും അന്ധതയും കേൾവിയുമൊന്നും പൂർണമായി ഇവിടത്തേതിനു തുല്യമല്ല. അതിനോട് ഏതെങ്കിലും വിധത്തിൽ സാദൃശ്യമുള്ള ഭൗതികാനുഭവങ്ങളെ കുറിക്കുന്ന പദങ്ങളിലൂടെ ആ അനുഭവങ്ങളെ നമ്മുടെ ഗ്രാഹ്യതയോട് അടുപ്പിക്കുകയാണ് അല്ലാഹു. അതിന്റെയൊന്നും കൃത്യമായ സ്വഭാവം പൂർണമായി മനസ്സിലാക്കാൻ നമുക്ക് കഴിയില്ല. നരകത്തിനവകാശികളാകുന്നവർ പരലോകത്തെത്തിയാൽ അതിൽനിന്ന് രക്ഷപ്പെടാൻ വഴി കണ്ടെത്തുന്ന കാര്യത്തിൽ തികച്ചും അന്ധരായിരിക്കുമെന്നാണ് ഇവിടെ വ്യക്തമാക്കുന്നത്. ഇത് അക്ഷരാർഥത്തിൽ കാഴ്ച നഷ്ടപ്പെട്ടതുകൊണ്ടാവണമെന്നില്ല; കാഴ്ച പ്രയോജനപ്പെടാത്തതുകൊണ്ടുമാകാം. ഈ ലോകത്ത് കണ്ണിനും കാതിനും ഒരു വൈകല്യവുമില്ലാത്തവരെ, അവർ കണ്ണും കാതും ദൈവികദൃഷ്ടാന്തങ്ങൾ കാണാനും കേൾക്കാനും അങ്ങനെ യാഥാർഥ്യം ഗ്രഹിക്കാനും ഉപയോഗിക്കുന്നില്ലെങ്കിൽ അന്ധ

രായും ബധിരരായും ഖുർആൻ ചിത്രീകരിച്ചത് നേരത്തെ ഉദ്ധരിച്ചിട്ടുണ്ടല്ലോ. പരലോകത്തും അവിശ്വാസികളുടെ അന്ധത ഇതുപോലെ തന്നെയായിക്കൂടെന്നില്ല. അവർക്ക് തീഷ്ണമായ കണ്ണും കാതുമൊക്കെയുണ്ട്. പക്ഷേ ഇപ്പോൾ അകപ്പെട്ട കൊടിയ ശിക്ഷാവിധിയിൽ നിന്ന് രക്ഷപ്പെടാൻ ഒരു വഴിയും കാണാൻ കഴിയുന്നില്ല.

## 125–126

**മു**ൻ സൂക്തം പരാമർശിച്ച അന്ധത അക്ഷരാർഥത്തിലുള്ളതാണെന്നു വെച്ചാൽ അവിശ്വാസികളുടെ ചോദ്യം സ്പഷ്ടമാണ്. ഭൗതിക ലോകത്ത് നല്ല കാഴ്ചയുള്ളവരായിരുന്ന ഞങ്ങളെ എന്തിനാണ് ഇവിടെ അന്ധരായി കൊണ്ടുവന്നിരിക്കുന്നതെന്നു ചോദിക്കുകയാണവർ. എന്നാൽ അതിനുള്ള മറുപടിയിൽ അന്ധതാ പ്രയോഗം ആലങ്കാരികമാണെന്ന സൂചനയുണ്ട്. ദൈവിക ദൃഷ്ടാന്തങ്ങളെ അവിശ്വാസികൾ മറന്നു എന്നുപറഞ്ഞതിനർഥം അവരത് ഓർത്തില്ല എന്നല്ല; മറിച്ച് അവഗണിച്ചു തള്ളി എന്നാണ്. അതുപോലെ 'നീ മറക്കപ്പെടുന്ന' എന്നുപറഞ്ഞതിന്റെ ഉദ്ദേശ്യം നിന്റെ കാര്യം അല്ലാഹു ഓർക്കുന്നില്ല എന്നല്ല നിങ്ങളെ അവഗണിക്കുന്നു എന്നാണ്. إِنَّا نَسِينَٰكُمْ-നാം നിങ്ങളെ മറക്കുന്നു (32:14) എന്ന മറവിയുടെ കർത്താവ് അല്ലാഹുവാണെന്നു വ്യക്തമാക്കിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്. യഥാർഥ മറവി അല്ലാഹുവിന്റെ കാര്യത്തിൽ അസംഭവ്യമാണല്ലോ.

ഇവിടെ പരാമർശിക്കുന്ന ആന്ധ്യം ആലങ്കാരികമാണെന്നുവച്ചാൽ അവർ ആവലാതിപ്പെടുന്നത് ഇതാണ്: നാഥാ ഭൗതിക ലോകത്ത് ഞങ്ങൾ വലിയ പ്രതിഭാശാലികളായിരുന്നു. ദീർഘ ദൃഷ്ടികളും ക്രാന്തദർശികളുമായിരുന്നു. പദാർഥങ്ങളുടെ ഘടനയും പ്രവർത്തന നിയമങ്ങളും മനസ്സിലാക്കാനും അതുവഴി പുതിയ ശാസ്ത്ര തത്ത്വങ്ങളും സാങ്കേതിക വിദ്യകളും കണ്ടെത്താനും ഞങ്ങൾക്കു കഴിഞ്ഞിരുന്നു. ഞങ്ങൾ എണ്ണമറ്റ സാഹിത്യങ്ങളും കലാശിൽപങ്ങളും ആവിഷ്കരിച്ചു. പുതിയ പുതിയ ജീവിതദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളും കണ്ടെത്തി. പക്ഷേ, ഈ ഉയിർത്തെഴുന്നേൽപിനെയും പരലോകത്തെയും ഞങ്ങൾക്ക് തീരെ മനസ്സിലാക്കാൻ കഴിയുന്നില്ലല്ലോ. ഇവിടെയിതാ ഞങ്ങൾക്ക് ശിക്ഷ വിധിക്കപ്പെട്ടിരിക്കുന്നു. ഈ ശിക്ഷയിൽ നിന്നു രക്ഷപ്പെടാൻ ഒരു വിദ്യയും കണ്ടെത്താൻ ഞങ്ങൾക്കു കഴിയുന്നില്ല. എന്തുകൊണ്ടാണ് നാഥാ ഞങ്ങളെ ഇങ്ങനെ അന്ധരായി കൊണ്ടുവന്നത്? അല്ലാഹു അവർക്ക് കൊടുക്കുന്ന മറുപടി ഇതാണ്: ഇതിങ്ങനെയേ വരൂ. ഉയിർത്തെഴുന്നേൽപും പരലോകവും രക്ഷാശിക്ഷകളും മനസ്സിലാക്കാനുള്ള നമ്മുടെ ദൃഷ്ടാന്തങ്ങൾ ഇഹലോകത്ത് നിങ്ങളുടെ അടുത്തുവന്നിരുന്നു. പക്ഷേ നിങ്ങളത് പരിഗണിക്കാനോ അതുവഴി ആത്മീയ യാഥാർഥ്യങ്ങൾ ഗ്രഹിക്കാനോ തയാറായില്ല. അവയെ അവഗണിച്ചുതള്ളുകയായിരുന്നുവല്ലോ നിങ്ങൾ. അതുപോലെ ഇന്ന് നിങ്ങളുടെ രക്ഷയെയും അതു സംബന്ധിച്ച ആവലാതികളെയും, അല്ലാഹുവും അവഗണിച്ചിരിക്കുകയാണ്. ഭൗതിക ലോകത്ത് ദൈവിക ദൃഷ്ടാന്തങ്ങൾക്കു നേരെ തുറക്കാത്ത നിങ്ങളുടെ കണ്ണുകൾ ഇനി അടഞ്ഞുതന്നെയിരിക്കട്ടെ. ഇവിടെ 'നമ്മുടെ ദൃഷ്ടാന്തങ്ങൾ'- ءَايَٰتُنَا എന്നു പറഞ്ഞതിൽ പ്രാപഞ്ചിക പ്രതിഭാസങ്ങൾ വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളും പ്രവാചകന്മാരിലൂടെ അല്ലാഹു അവതരിപ്പിച്ച ദൈവിക സൂക്തങ്ങളും ഉൾപ്പെടുന്നു.

## 127

**അ**തിരു കവിച്ചിൽ എന്നർഥമുള്ള اسراف ൽനിന്നുള്ള ക്രിയയാണ് اسرف. സ്ഥലപരമായ അതിർത്തി ലംഘനത്തിനല്ല ഇത് സാധാരണ ഉപയോഗിക്കാറുള്ളത്. സാമ്പത്തികവും ധാർമികവും സദാചാരപരവുമായ പരിധിലംഘനങ്ങൾക്കാണ്. സാമ്പത്തികമായ ധൂർത്തിന് اسراف എന്നു പറയുന്നു. مسرف ധൂർത്തനാണ്. ധാർമിക സദാചാര നിയമങ്ങൾ പരിഗണിക്കാത്തവനെയും مسرف എന്നുപറയും. സ്വന്തം കഴിവുകളും യോഗ്യതകളും, താൻ വർജിക്കേണ്ട കാര്യങ്ങളിൽ വിനിയോഗിക്കുകയും താൻ കൈക്കൊള്ളേണ്ട കാര്യങ്ങൾക്കു നേരെ തീരെ കണ്ണടക്കുകയും ചെയ്തവനെയാണ് ഇവിടെ من اسرف എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്. വചനതാൽപര്യം ഇതാണ്: തങ്ങളുടെ കഴിവുകളും യോഗ്യതകളും മുഴുവൻ തെറ്റായ ലക്ഷ്യങ്ങളിൽ വിനിയോഗിക്കുകയും വിധാതാവിന്റെ ദൃഷ്ടാന്തങ്ങളൊന്നും അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തവർക്ക്, മുകളിൽ സൂചിപ്പിച്ച വിധത്തിലായിരിക്കും പരലോകത്ത് അല്ലാഹു പ്രതിഫലം നൽകുക. സൂക്താന്ത്യത്തിൽ പരലോക ശിക്ഷയെന്നത് സുപരിചിതമായ ഒരു സാധാരണ സംഗതിയല്ലെന്നും അതു നിങ്ങൾക്ക് സങ്കൽപ്പിക്കാനാവുന്നതിനെക്കാളൊക്കെ എത്രയോ കൊടൂരവും ശാശ്വതമായി നിലനിൽക്കുന്നതുമാണെന്നും പ്രത്യേകം ഉണർത്തുകയും ചെയ്തിരിക്കുന്നു. ■